**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1369** **11-09-2023 - ൽ മറുപടിയ്ക്ക്**

**മങ്കര കാളികാവ് മേൽപ്പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലെവൽ ക്രോസുകൾ ഇല്ലാതാക്കുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ലെവൽ ക്രോസ് രഹിത കേരളം എന്ന ദീർഘകാല ലക്ഷ്യം കൈവരിക്കുന്നതിന് സംസ്ഥാന സർക്കാർ സമഗ്രമായ പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 99 റെയിൽവെ മേൽപാലങ്ങൾ നിർമ്മിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിൽ 72 എണ്ണത്തിന്റെ നിർമ്മാണ ചുമതല ആർ.ബി.ഡി.സി.കെ. യ്ക്കും 27 എണ്ണത്തിന്റെ നിർമ്മാണ ചുമതല കെ.ആർ.ഡി.സി.എൽ നും നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും റെയിൽവെ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി ഒന്നിച്ച് പുരോഗമിക്കുന്നത്. |
| (ബി) | കോങ്ങാട് മണ്ഡലത്തിലെ മങ്കര കാളികാവ് മേൽപ്പാലം നിർമ്മാണത്തിന് വേണ്ടിയുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (ബി) | പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് 11(1) വിജ്ഞാപനം 18.06.2022 ന് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ്സും എസ്റ്റിമേറ്റും റെയിൽവേ അംഗീകരിച്ച് കഴിഞ്ഞു. ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ കഴിയുന്ന മുറക്ക് നിർമ്മാണത്തിനായുള്ള ടെണ്ടർ വിളിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ